

ബാബ്‌ല കഥപറയുന്നു-5

# മംഗള ശ്രീകോവിൽ തുറക്കൂ

**ഗാന്ധിജിയുടെ സെക്രട്ടറിയായിരുന്ന മഹാദേവ് ദേശായിയുടെ മകൻ നാരായൺ ദേശായ് ചെറുപ്പത്തിൽ 20 വർഷം ഗാന്ധിജിയോടൊപ്പം കഴിഞ്ഞതിന്റെ അനുഭവങ്ങൾ കൂട്ടുകാർക്കായി പങ്കുവയ്ക്കുന്നു. സാധാരണക്കാരിൽ സാധാരണക്കാരനായ ഗാന്ധിയെ എന്തുകൊണ്ടാണ് എല്ലാവരും മഹാത്മാ എന്ന് വിളിക്കുന്നതെന്ന് ബാപ്പുവിന്റെ സ്വന്തം ബാബ്‌ലയായ നാരായൺ ദേശായി ഈ കഥകളിലൂടെ നമുക്ക് പറഞ്ഞുതരുന്നു.**



**ഈ** കഥ ഇനിയും കുറച്ചുകാലം പുറകോട്ടുള്ളതാണ്. അതായത് സേവാഗ്രാമിൽ എത്തുന്നതിനുമുമ്പുള്ള കഥ. ഗുജറാത്തിലെ അഹമ്മദാബാദിൽ സബർമതി നദിക്കരികിലുള്ള സബർമതി ആശ്രമത്തെ കുറിച്ച് നിങ്ങൾ കേട്ടുകാണുമല്ലോ? ഈ ആശ്രമം സ്ഥാപിക്കും മുമ്പ് അഹമ്മദാബാദിൽ തന്നെ മറ്റൊരു ആശ്രമം മഹാത്മജി സ്ഥാപിച്ചിരുന്നു. കൊച്ച്റാബ് ആശ്രമം. എന്നാൽ ഞാൻ വളർന്നു വന്നത് സബർമതിയിലായിരുന്നു. സബർമതി ആശ്രമത്തിനടുത്തായി തന്നെയാണ് സബർമതി ജയിലും. ബാപ്പുജി രാവിലെയും വൈകുന്നേരവും ജയിലിന്റെ ഗെയ്റ്റ് വരെ നടക്കാൻ പോകും. ഈ നടത്തത്തിനിടയിൽ ഇരുവശത്തുമായി രണ്ട് മനുഷ്യ ഊന്നുവടികൾ ഉണ്ടാകുമായിരുന്നു. അദ്ദേഹത്തിന്റെ ഊന്നുവടികളാകാൻ പലരും മത്സരിക്കുന്നത് കാണാമായിരുന്നു. എങ്കിലും ഞങ്ങൾ കുട്ടികൾക്കായിരുന്നു പ്രഥമ പരിഗണന ലഭിക്കുക. ഇങ്ങനെ മഹാത്മജിയുടെ ഊന്നുവടികളാകുന്നതിൽ തെല്ലൊന്നുമല്ല അഭിമാനിച്ചിരുന്നത്. അദ്ദേഹം നടത്തത്തിന്റെ വേഗത കൂട്ടുന്നതനുസിരിച്ച് ഞങ്ങൾ കുട്ടികൾക്ക് ഓടേണ്ടിവരും. ജയിൽ കവാടത്തിനടുത്തെത്താറാകുമ്പോഴേക്കും ഞങ്ങൾ മുന്നിലെത്താൻ ഓടികൊണ്ടിരിക്കും അപ്പോൾ ബാപ്പുജി ചുമലിൽ കൈകൾ ബലമായി അമർത്തിവച്ചുകൊണ്ട് ചോദിക്കും. എന്താ സെഡ്ജി ഒന്ന് ഓടിനോക്ക് കാണട്ടെ. എല്ലാവർക്കും സ്നേഹപൂർണ്ണായ ഓരോ ചെല്ലപേരുകൾ അദ്ദേഹം നൽകുമായിരുന്നു. എന്നെ സേഠിയാ എന്നായിരുന്നു വിളിച്ചിരുന്നത്. ഇത് പലപ്പോഴും മാറിക്കൊണ്ടിരിക്കുകയും ചെയ്യും. ആശ്രമജീവിതത്തിൽ ചിട്ടകൾ പ്രധാനമായിരുന്നു. കാലത്ത് ഉണരുന്നത് തൊട്ട് ഓരോ കൃത്യങ്ങൾക്കുമായി അവിടെ മണി അടിച്ചിരുന്നു. പ്രാർത്ഥനയ്ക്കും, ഭക്ഷണത്തിനും, ജോലികൾ ചെയ്യുന്നതിനും ഒക്കെയായി ദിവസവും അമ്പത്തിയാറുതവണ മണിയടിക്കുന്നുണ്ടെന്ന് ഒരിക്കൽ ഞാൻ എണ്ണി കണക്കാക്കിയിരുന്നു. ആശ്രമത്തിലെ ഈ മണിയടിക്ക് വല്ലാത്തൊരു ആധികാരിക ഭാവമുണ്ടായിരുന്നു. അതുകൊണ്ട് തന്നെ സമയ നിഷ്ഠ പാലിക്കാൻ എല്ലാവരും സദാ ശ്രദ്ധിച്ചിരുന്നു. ആശ്രമത്തിൽ എല്ലാവരും പൊതുഭക്ഷണശാലയിലാണ് ഭക്ഷണം കഴിച്ചിരുന്നത്. എങ്കിലും എന്റെ അച്ഛൻ മഹാദേവ് ദേശായിക്ക് സ്വന്തം വീട്ടിൽ ഭക്ഷണം കഴിക്കാനുള്ള അനുമതിയുണ്ടായിരുന്നു. പക്ഷെ ഒരു വ്യവസ്ഥയിൽ, അമ്മ ദുർഗ്ഗാദഹൻ പൊതു ഭക്ഷണശാലയിൽ പാചകത്തിന് സഹായിക്കണം. ഞാൻ പറയാൻ പോകുന്ന കഥ നടക്കുന്നത് അതിനും മുമ്പാണ്. ഞങ്ങടക്കം എല്ലാവരും പൊതു ഭക്ഷണശാലയിൽ ആഹാരം കഴിച്ചിരുന്ന കാലത്തെ കഥ.

ഭക്ഷണസമയത്ത് മൂന്ന് മണിയടിക്കുക പതിവായിരുന്നു. ഒന്നാമത്തെ മണി ഭക്ഷണസമയമായെന്ന് അറിയിക്കാൻ. രണ്ടാമത്തെ മണിക്ക് ഭക്ഷണശാലയുടെ വാതിൽ അടയ്ക്കപ്പെടും. മൂന്നാമത്തെ മണിയടിച്ചാൽ മന്ത്രം ഉരുവിടും. ഭക്ഷണശാലയുടെ കവാടം അടച്ചുകഴിഞ്ഞാൽ പിന്നീട് അത് തുറക്കുകയില്ല. അങ്ങനെയിരിക്കെ ഒരു ദിവസം ഞാൻ എത്തിപ്പെടാൻ വൈകി. ഭക്ഷണശാലയുടെ വാതിൽ എന്റെ മുന്നിൽ അടക്കപ്പെട്ടു. അകത്ത് പ്രാർത്ഥന മുഴങ്ങുന്നുണ്ട്. അകത്തെ ദൃശ്യങ്ങൾ എന്റെ മനക്കണ്ണിൽ തെളിഞ്ഞു വന്നു. തളികയിൽ മഞ്ഞച്ചോറും, കറികളും, ചപ്പാത്തിയും, പാലും. അമ്മ എന്നെ കാണാതെ വിഷമിച്ചിരിക്കുകയാകും. ആരുടെ പ്രേരണയാലെന്നറിയില്ല. അടഞ്ഞുകിടന്ന വാതിലിനുമുന്നിൽ നിന്നുകൊണ്ട് ഞാൻ ഉറക്കെപാടി.

'മംഗള ശ്രീ കോവിൽ തുറക്കു ദയാനിതെ'
നീ മംഗള ശ്രീ കോവിൽ തുറക്കൂ.
(മംഗള മന്ദിർ ഖോലോ ദയാമയ, മംഗള മന്ദിർ ഖോലോ)

കവി നരസിംഹറാവു തന്റെ പുത്രന്റെ പാവന സ്മരണക്കായി എഴുതിയ വരികളായിരുന്നു ഇത്. ഇതിന് ഇങ്ങനെയും ഉപയോഗം ഉണ്ടാകുമെന്ന് അദ്ദേഹം ചിന്തിച്ചിട്ടുപോലും ഉണ്ടായിരിക്കില്ല. അകത്തെ നിശബ്ദത കാരണം അവിടെയിരിക്കുന്നവർക്ക് കേൾക്കാമായിരുന്നു. ഗാന്ധിജി ചിരിച്ചുകൊണ്ട് ഈ ബാബ്‌ലയ്ക്കായി ഭക്ഷണശാലയുടെ കവാടം തുറന്നുതന്നു. ആശ്രമത്തിലെ അച്ചടക്കം കർശനമായിരുന്നെങ്കിലും ഞങ്ങൾക്കദ്ദേഹം വിധിവിധാവായി അനുഭവപ്പെട്ടിരുന്നില്ല അദ്ദേഹത്തിന്റെ സ്നേഹത്തിന്റെ അമൃതധാര പലപ്പോഴായി ഞങ്ങളിലേക്ക് പ്രവഹിച്ചുകൊണ്ടിരുന്നു. നിഷ്കളങ്കസ്നേഹത്തിന്റെ വാത്സല്യത്തിന്റെ കാരുണ്യത്തിന്റെ ഈ അമൃതധാര ഒരു തവണ നുണഞ്ഞവർ അദ്ദേഹത്തിന്റെ അരികിലേക്ക് വീണ്ടും വീണ്ടും ഓടി അടുത്തുകൊണ്ടിരുന്നു (തുടരും)